Draft #1 of File 10483/GENERAL STORE-SO/2020/GNRL STR Approved by ASSISTANT REGISTRAR V (ADMIN) on 26-Jun-2020 07:36 AM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**മഹാത്മാഗാന്ധി സർവകലാശാല**

**കോട്ടയം**

നം: AdB8/1/10483-GNSTRPrntg/2020 27/06/2020

**ക്വട്ടേഷൻ നോട്ടീസ്**

താഴെ വിവരിക്കുന്ന പ്രവൃത്തി നിർവഹിക്കുന്നതിന് സർവകലാശാല അംഗീകൃത അച്ചടി സ്ഥാപനങ്ങളിൽ നിന്ന് ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. എല്ലാ തരത്തിലുമുള്ള നികുതികൾ ഉൾപ്പടെയുള്ള നിരക്ക് രേഖപ്പെടുത്തിയ ക്വട്ടേഷനുകൾ സാമ്പിൾ ഉൾപ്പടെ 2020 ജൂലായ് 13 തീയതി ഉച്ചയ്ക്ക് 2 മണിക്ക് മുൻപായി AdB8 സെക്ഷനിൽ ലഭിച്ചിരിക്കേണ്ടതാണ്.

അന്നേദിവസം ഉച്ചയ്ക്ക് 2.30 ന് ക്വട്ടേഷനുകൾ തുറക്കുന്നതാണ്. പ്രസ്തുത ജോലി കൃത്യതയോടും ഉത്തരവാദിത്തത്തോടും കൂടി ചെയ്യാനാവുന്ന സ്ഥാപനങ്ങൾ മാത്രമേ ക്വട്ടേഷൻ സമർപ്പിക്കേണ്ടതുള്ളൂ. ക്വട്ടേഷനിൽ രേഖപ്പെടുത്തിയിരിക്കുന്ന നിരക്കുകൾക്ക് മൂന്ന്മാസംവരെ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്. സർവകലാശാലാഅധികാരികൾക്ക് ക്വട്ടേഷനുകൾ കാരണംകൂടാതെ നിരസിക്കുവാനുള്ള എല്ലാ അവകാശവും ഉണ്ടായിരിക്കുന്നതാണ്. തപാൽ മാർഗ്ഗം അയയ്ക്കുമ്പോൾ വരുന്ന കാലതാമസത്തിനോ, നഷ്ടപ്പെടലിനോ സർവകലാശാല ഉത്തരവാദിയായിരിക്കുന്നതല്ല. ക്വട്ടേഷൻ നോട്ടീസ് നമ്പർ, തീയതി, അവസാന തീയതി എന്നിവയും "വരയിട്ട നോട്ട് പേപ്പറുകൾ അച്ചടിച്ച് നൽകുന്നതിനുള്ള ക്വട്ടേഷൻ" എന്നും സീൽ ചെയ്ത കവറിനു മുകളിൽ രേഖപ്പെടുത്തേണ്ടതാണ്.

ക്വട്ടേഷനുകൾ ലഭിക്കേണ്ട വിലാസം : അസ്സിസ്റ്റന്റ് രജിസ്ട്രാർ V (ഭ.വി), മഹാത്മാഗാന്ധി സർവകലാശാല, പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം-686560.

| ഇനം | സ്പെസിഫിക്കേഷൻ | എണ്ണം |
|---|---|---|
| വരയിട്ട നോട്ട് പേപ്പറുകൾ | ഡി 1/4 വലിപ്പത്തിൽ, 13.7 കി.ഗ്രാം (TNPL) വെള്ള പേപ്പറിൽ, ഇരു വശത്തും വരയിട്ട് മാർജിനോട് കൂടി നടുവിൽ സർവകലാശാലയുടെ മുദ്ര മങ്ങിയ നിറത്തിൽ ആലേഖനം ചെയ്തിരിക്കണം. (മാതൃക പ്രകാരം) | 500 എണ്ണം വീതമുള്ള 100 പായ്ക്കറ്റുകൾ |

അച്ചടിച്ച ഇനം പ്രവൃത്തി നിർദ്ദേശം ലഭിച്ച് 10 ദിവസത്തിനകം സർവകലാശാല സ്റ്റോറിൽ നൽകേണ്ടതാണ്.

(ഒപ്പ്)
അസ്സിസ്റ്റന്റ് രജിസ്ട്രാർ (ഭ വി)
രജിസ്ട്രാർക്ക് വേണ്ടി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ